# കാനായിലെ കല്യാണം

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* ***D.Sc.,Ph.D.****)*

ക്രിസ്തുപറയാത്ത ഉപമകൾ
വിളക്കിച്ചേർത്ത്
വീര്യംകെടാത്ത ഉപമാനത്തിന്റെ
അപ്രമാദിത്യത്തിൽ,
വൈരുദ്ധ്യംവമിക്കുന്ന
ഉപമേയത്തിന്റെ അസ്വരസത്തിൽ,
പുതിയ കുപ്പികളിൽ
പതയോടെ നിറഞ്ഞ
പഴയ വെള്ളത്തിൽ,
മാന്ത്രികവടിയുടെ സർപ്പബിംബമുള്ള
വിഗ്രഹരൂപത്തിൻ
പത്തിയും വിഷപ്പല്ലും മാച്ചുകളഞ്ഞ്
കുറുങ്കഴുത്തിലൂടെ കുത്തിയിളക്കി,
തെക്കേപ്പുറത്തെ ഇടുങ്ങിയ വഴികളിൽ
അലസഗമനംനടത്തി വിശ്രമിക്കുമ്പോൾ,
നാടൻവാരികയിൽ
അക്ഷരത്തെറ്റോടെ ചേർത്തുവന്ന
വിവാഹവാർത്താപ്പരസ്യത്തിൽ
ക്നാനായിലെ കല്യാണമെന്ന്
മുഴച്ചുനിൽക്കുന്ന കടലാസ്സിൽ
അച്ചടിച്ചുവന്നത്
ചുമപ്പുവീണ്ടിന്റെ
ചവർപ്പോടെയറിഞ്ഞു!
*********************************************